മലയാളം അച്ചടിയും മറുനാടൻ മിഷനറിമാരും

കേരളത്തിൽ എന്നു വെക്കണ്ട, ഇന്ത്യയിലാകെത്തന്നെ അച്ചടി ആരംഭിച്ചിട്ട് നാനൂറുവർഷം കഴിഞ്ഞിരിക്കയാണു്. ഒരു മലയാള പുസ്തകം പൂർണ്ണമായി ഇന്ത്യയിൽ അച്ചടിച്ചതു് ബോമ്പായിലെ കൂറിയർ പ്രസ്സിലാണത്രേ. ബോമ്പായിൽനിന്നു പ്രസിദ്ധീകരിക്കുന്ന ഇപ്പോഴത്തെ വിശാലകേരളം അച്ചടിക്കുന്നതു് തൃശ്ശൂരും. കേരളത്തിൽ ആദ്യം അച്ചടിച്ച പുസ്തകം തമിഴിലായിരുന്നു. മലയാളത്തിൽ ആദ്യമായി ഒരു പുസ്തകം മുദ്രണം ചെയ്യാനുണ്ടായ അവസരം ആംസ്റ്റർഡാമുകാർക്കായിരുന്നു. ഏതായാലും ഇന്നു വളരെയധികം പുരോഗമിച്ചിട്ടുള്ള നിലയിലാണു കേരളത്തിലെ അച്ചടി. എന്നാൽ അതിന്റെ ആദിമ പിതാക്കന്മാർ മറുനാടൻ മിഷനറിമാരാണെന്നു എത്ര പേർ സ്മരിക്കുന്നു? മഹാകവി വള്ളത്തോൾ ഒരിക്കൽ പറഞ്ഞു ''മണ്ണിലും ഓലയിലും ഗയിച്ചിരുന്ന ഭാഷായോഷയെ പാതിരിമാർ കടന്നു പിടിച്ചു മലർമെത്തയിലിരുത്തി'' എന്നു്.

നമ്മുടെ അച്ചുകൂടങ്ങളുടെ ഒരു സംക്ഷേപ ചരിത്രം മൂക്കോത്തു കുമാരൻ നൽകുന്നുണ്ടു്, ഒയ്യാരത്തു ചന്തുമേനോൻ എന്ന ജീവചരിത്ര ഗ്രന്ഥത്തിന്റെ പ്രഥമാധ്യായത്തിൽ ഗദ്യകാവ്യത്തിന്റെ വളച്ചു് എന്ന തലക്കെട്ടിൽ അദ്ദേഹം എഴുതി. ''ജസ്യൂട്ടു് പാതിരിമാരായിരുന്ന അച്ചടിയന്ത്രം ഇവിടെ ആദ്യം സ്ഥാപിച്ചതു്. കൊടുങ്ങല്ലൂരിനു സമീപം അമ്പലക്കാടു് എന്ന നഗരത്തിൽ ക്രി. 1555-ൽ ആയിരുന്നു ഒന്നാമത്തെ അച്ചുകൂടം സ്ഥാപിച്ചതു്. കൊച്ചിയിൽ വാണിരുന്ന ഗോയാനീസു് ഗോൺസാൽവസ എന്ന ആൾ 1577ൽ തമിഴക്ഷരങ്ങളും മലയാള അക്ഷരങ്ങളും കൊത്തിയുണ്ടാക്കിയതായി അറിയുന്നു. അവിടവച്ചു രണ്ടു കൊല്ലത്തിനുശേഷം ഒരു തമിഴു് പുസ്തകം അച്ചടിക്കയുണ്ടായതത്രേ. ക്രിസ്തീയ വേദ പ്രമാണങ്ങളെ സംബന്ധിച്ചുള്ള ഒരു ഗ്രന്ഥമായിരുന്നതു്. മലയാള ഭാഷയിൽ ഒന്നാമതു ഒരു പുസ്തകത്തിന്റെ അച്ചടി ഇന്ത്യയിൽ നടന്നതു ബോമ്പായിൽ വച്ചുമായിരുന്നു. സുറിയാനികളുടെ ഒരു വേദ പുസ്തക തർജ്ജമയായിരുന്ന ആ ഗ്രന്ഥം (Translation of the first tour gospels) പോർത്തുഗീസുകാർക്കു പ്രാബല്യം കുറഞ്ഞു 1662-ൽ ലന്തക്കാർ അവരെ കീഴടക്കിയല്ലൊ. ലന്തക്കാരും മലയാള ഭാഷയ്ക്കു വേണ്ടി പലതും ചെയ്തു. വാൻ റീഡ്സു് എന്നു പേരായ ഒരു ലന്തക്കാരൻ കേരളത്തിൽ നിന്നു പല കാര്യങ്ങളും പഠിച്ചുറിഞ്ഞു. സ്വരാജ്യത്തിലെ ആംസ്റ്റർഡാം നഗരത്തിൽ വെച്ചു മലബാറിക്കാ എന്ന പേരിൽ 12 വാല്യങ്ങളിലുള്ള ഒരു ബൃഹദ്ഗ്രന്ഥം അച്ചടിപ്പിച്ചു വെന്നും അതിൽ ഔഷധച്ചെടികളുടെ പേരുകളും മലയാളത്തിൽകൂടി അച്ചടിച്ചു കാണുന്നുവെന്നും അറിഞ്ഞാൽ പാശ്ചാത്യർ നമ്മുടെ മാതൃഭാഷയ്ക്കു വേണ്ടി ചെയ്ത ഗുണങ്ങളും മനസ്സിലാക്കാം. മേല്പറഞ്ഞ സംഭവത്തെ അടിസ്ഥാനമാക്കി സാഹിത്യ ചരിത്രകാരൻ കേരളീയരെ ആക്ഷേപിച്ചു തന്നെ ചെയ്തു. ''ഈ കേരളത്തിലുള്ള രാജാക്കന്മാർക്കോ പ്രഭുക്കന്മാർക്കോ സ്വഭാഷയിലെ അക്ഷരങ്ങളും അച്ചടിച്ചു കാണേണമെന്നുള്ള ആഗ്രഹം ആ കാലത്തു തീരെ ഇല്ലായിരുന്നു. യൂറോപ്യന്മാരുടെ അധ്വാനത്താൽ

സി. കെ. മൂസ്സതു്

ഇരുനൂറു സംവത്സരം മുമ്പു മലയാള അക്ഷരം യൂറോപ്പു രാജ്യത്തു അച്ചടിച്ചു കാണുന്നു. കേരള വാസികളുടെ തങ്ങളുടെ ഉദാസീനതയെക്കുറിച്ചു ലജ്ജിക്കാൻ വേറെ എന്തു സംഗതി വേണ്ടു. ബോമ്പായി നഗരത്തിൽ അച്ചടിച്ച പുസ്തകത്തിന്റെ ഒരു പ്രതി എറണാകുളത്തു് വച്ചു കഴിഞ്ഞ സാഹിത്യ പരിഷത്തിൽ ശ്രീമാൻ തോമസു് പോൾ, ബി. എ. പ്രദർശിപ്പിച്ചിരുന്നു. അദ്ദേഹം വേദത്ത സംക്ഷേപം എന്ന മറെറാരു പഴയ പുസ്തകവും പ്രദർശിപ്പിച്ചു കണ്ടു. 1772-ൽ റോം നഗരത്തിൽ വെച്ചു് അച്ചടിക്കപ്പെട്ടതായിരുന്നു എന്നുള്ളതു അത്ഭുതം തന്നെ''. 1932 സപ്തംബറിൽ തന്റെ അറിവിൽ പെട്ട വിവരങ്ങളും ഉൾപ്പെടുത്തി മൂക്കോത്തു കുമാരൻ കൊടുത്ത സംക്ഷിപ്ത വിവരങ്ങളാണു് മേൽ കണ്ടതു്. ഡോ. പി. ജെ. തോമസിന്റെ തീവ്രപരിശ്രമം വഴി കൂടുതൽ രസകരവും അത്ഭുതകരവുമായ ഒട്ടേറെ വിവരങ്ങളും കേരള

ത്തിലെ അച്ചടിയെപ്പറ്റി ഇന്നു നമുന്ന ലഭ്യമായിരിക്കുന്നു.

നാനൂറുവഷ്ം മുമ്പു് കേരളത്തിൽ അച്ചടി ആരംഭം കുറിച്ചു എന്നതിനു് അസന്ദിഗ്ധമായ തെളിവുകളും നമ്മുടെ മുമ്പിലുണ്ടു്. 1578–ൽ കേരളക്കരയിൽ അച്ചടിച്ച ഒരു ചെറുപുസ്തകം അമേരിക്കയിലെ ഹാർവാർഡു് സവ്വകലാശാലക്കാർ കരസ്ഥമാക്കിയിരിക്കുന്നു. കൊല്ലം നഗരത്തിൽ ഫാദർ ഫാരിയ സ്ഥാപിച്ച ദിവ്യരക്ഷകന്റെ കലാലയത്തിൽ അച്ചടിച്ച തെന്നു തമിഴു ലിപികളിലും പോത്തുഗീസു് ലിപികളിലും രേഖപ്പെടുത്തിയിട്ടുണ്ടു്. 16 പേജു മാത്രം വരുന്ന ഈ ചെറുകൃതി വിശുദ്ധ ഫ്രാൻസിസു് സേവ്യർ പോത്തുഗീസു് ഭാഷയിൽ രചിച്ച പുസ്തകത്തിന്റെ സംക്ഷേപപരിഭാഷയാണു്. Doctrina Christa en lingua Malabar Tamil എന്നതാണു് പുസ്തകത്തിന്റെ പേരു്, 1578 ഒക്ടോബർ 20–ാംനു കൊല്ലത്തു് അച്ചടിച്ചുവെന്നു രണ്ടാംപേജിൽ കുറിച്ചിട്ടിട്ടുണ്ടു്, ഈ പുസ്തകത്തിൽ. ഫാദർ ഹെൻറിക്കസു്, ഫാദർ മാനുവൽ സാൻപെദ്രോ എന്നീ രണ്ടുപേർകൂടിയാണു് തമിഴിലേക്കു പരിഭാഷ ചെയ്തിരിക്കുന്നതു്. ഹാർവാർഡു് സവ്വകലാശാലാ ലൈബ്രറി ബുള്ളറ്റിനിൽ ഈ പുസ്തകത്തെക്കുറിച്ചു് എഴുതിയിട്ടുള്ളതു്, '1578–ൽ കൊല്ലത്തെ ദിവ്യരക്ഷകന്റെ കലാലയത്തിൽ അച്ചടിച്ച ഈ പുസ്തകം കേരളത്തിലെ ആദ്യത്തെ അച്ചടിപുസ്തകം, 1951 ജാനുവരിയിൽ ലഭിച്ചു' എന്നാണു്.

1579–ൽ കൊച്ചിയിൽ അച്ചടിച്ചതായി മൂക്കോത്തു കുമാരൻ സൂചിപ്പിച്ച പുസ്തകം ഏതെന്നല്ലേ? പാരിസിലെ സോർബോൺ സവ്വകലാശാലയിൽ സൂക്ഷിച്ച ഒരു പഴയ മലബാർ തമിഴു പുസ്തകത്തിന്റെ ഏതാനും പേജുകളുടെ ഫോട്ടോസ്റ്റാറ്റുകോപ്പി കയും ഡോ. പി. ജെ. തോമസു് 1915–ൽ സമ്പാദിച്ചു. ഇതും സെൻറു് ഫ്രാൻസിസു് സേവ്യറിന്റെ പോത്തുഗീസു് ഗ്രന്ഥത്തിന്റെ പരിഭാഷയാകുന്ന പരിഭാഷകൻ മുൻചൊന്ന സേവ്യർ ശിഷ്യൻ ഹെൻറിക്കു് ഹെൻറിക്കസുതന്നെ. Doctrine Christiana എന്നാണു് പരു്. 116 പേജുവരുന്ന ഈ പുസ്തകം കൊച്ചി ദേവമാതാവിന്റെ മുദ്രണാലയത്തിൽ അച്ചടിപ്പിക്കപ്പെട്ടതാണു്. 'കേരളതീരത്തിലേയും ചോഴമണ്ഡലത്തിലേയും ഉപയോഗത്തിന്നായി അച്ചടിച്ചതു്' എന്നു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. കേരളത്തിലെ ക്രിസ്ത്യാനിസാഹിത്യം എന്ന ഗ്രന്ഥത്തിൽ ഡോ. പി. ജെ. തോമസു് ഈ പുസ്തകത്തെക്കുറിച്ചു് പ്രതിപാദിച്ചിരുന്നു. ആ വിവരംവെച്ചു് എഴുതിയതാവണം മൂക്കോത്തു കുമാരൻ എന്നു വ്യക്തം. കേരളക്കരയിൽ അച്ചടിക്കുന്ന ആദ്യത്തെ ഗ്രന്ഥം 1578 ഒക്ടോബറിൻ കൊല്ലത്തു് അടിച്ച 16 പേജു് പുസ്തകമാണെങ്കിൽ, രണ്ടാമത്തേതു് കൊച്ചി ദേവമാതാ പ്രസ്സിൽ 1579–ൽ അച്ചടി പൂത്തിയാക്കിയ 116 പേജു് ഗ്രന്ഥമാണു്. രണ്ടും വിവത്തനമാണു്; അച്ചടി തമിഴു ലിപികളിലും !

1498–ൽ കോഴിക്കോട്ടു് കപ്പലിറങ്ങിയ വാസ്കോഡിഗാമയെപ്പറ്റിയും അനുയായികളെപ്പറ്റിയും ചരിത്രകാരന്മാക്കു പല പരാതികളും പറയാനുണ്ടാകും. പക്ഷേ അച്ചടി ഇവിടെ നടപ്പിലായതു് അവരുടെ കാമ്മികത്വത്തിലാണെന്നതിനു് സംശയമില്ല. അതിനെത്രയോ മുമ്പു് യൂറോപ്പിൽ അച്ചടി തുടങ്ങിക്കഴിഞ്ഞിരുന്നു എന്നതു് ശരിയാണു്. ചൈനയിൽ ഏ. ഡി. 746–നുമുമ്പു് ഒരുതരം അച്ചടി ഉണ്ടായിരുന്നുവത്രേ. ഓരേ പേജിനും കളിമൺ ടൈപ്പു് വേണ്ടുകളുണ്ടാക്കി അടിക്കുകയായിരുന്നു പതിവു്. അതു കഠിനം പിരിച്ച വീണ്ടും ഉപയോഗിക്കാൻ കഴിഞ്ഞിരുന്നില്ല. 15–ാം നൂറ്റാണ്ടിൽ മാത്രമേ അച്ചുനിരത്തിയുള്ള മുദ്രണം ആരംഭിച്ചിരുന്നുള്ളൂ.

ഏതായാലും 1578-79 കാലത്തു് വൈപ്പിൻകോട്ടയിൽ അച്ചടിപ്പിച്ച 50–ൽ പരം പുസ്തകങ്ങളെപ്പറ്റി പിൽക്കാലഗ്രന്ഥങ്ങളിൽ പരാമർശം കാണുന്നുണ്ടു്. 1589-ൽ ഗോവയിൽചേന്ന സൂനഹദോസിന്റെ രേഖകളിൽതന്നെ വൈപ്പിൻകോട്ടയിലെ പുസ്തകപ്രസാധനസംരംഭത്തെ പ്രശംസിച്ചിരുന്നു. അക്കാലത്തേയ്ക്കു വേണ്ട ടൈപ്പുകളും കൊത്തിയുണ്ടാക്കിയതു് സ്പെയിൻകാരനായ ജസ്യൂട്ടു് ജോൺ ഗോൺസാൽവസ ആണെന്നതും സംശയമില്ലാത്ത കാര്യം. 1577 ആകുമ്പോഴെക്കു ടൈപ്പുകളും നിർമ്മിക്കാൻ കഴിഞ്ഞ ആ സന്യാസിവര്യൻ 1579–ൽ തന്റെ ജീവിതലക്ഷ്യം പൂത്തിയായപോലെ യശഃശ്ശരീരനാകയും ചെയ്തു. തമിഴു ലിപികളിൽ നിഘണ്ടുക്കളും വ്യാകരണഗ്രന്ഥങ്ങളും അച്ചടിച്ചു പ്രചരിപ്പിച്ചതു് ഭാഷയുടെ വികാസത്തിനും ഏകീകരണത്തിനും വലിയ സഹായമായിരിക്കണം. ഫാദർ പ്രിൻസായുടെ തമിഴു നിഘണ്ടു, റോബർട്ടു് ഡനോബിലിയുടെ ദൈവശാസ്ത്രം ഫാദർ ഡിക്കോസ്റ്റയുടെ തമിഴു വ്യാകരണം എന്നിവ പരാമർശമർഹിക്കുന്നു. 1602 ആകുമ്പോഴെയ്ക്കു റോമിൽനിന്നു പുറിയാനി ലിപികളും വരുത്തുകയും നിരവധി ഗ്രന്ഥങ്ങളും മുദ്രണം ചെയ്തതുമായി ചരിത്രം ഘോഷിക്കുന്നു.

1663-ൽ പോർത്തുഗീസുകാരെ തോല്പിച്ചു. കൊടുങ്ങല്ലൂർ കോട്ട ഡച്ചുകാർ പിടിച്ചെടുത്തപ്പോഴാകാം വൈപ്പിൻകോട്ടയിലെ അച്ചടി അമ്പലക്കാട്ടേയ്ക്കു മാറിയതു്. ഡച്ചുകാരുടെ ആക്രമണത്തിൽ കോഴിക്കോടു്, കൊച്ചി. കൊല്ലം എന്നിവിടങ്ങളിലെ നിരവധി അച്ചടിശാലകളും ഗ്രന്ഥശേഖരങ്ങളും നശിച്ചിട്ടുണ്ടു്. ടിപ്പുവിന്റെ പടയോട്ടത്തോടുകൂടി അമ്പലക്കാട്ടെ അച്ചടിശാലകളും നാമാവശേഷമായി. 1773-ൽ വരാപ്പുഴയിൽ പുതിയ അച്ചടിശാലകം തുടങ്ങിയതും അർണോസു് പാതിരിയുടെ കൃതികം അടിക്കുന്നതും മറ്റും പില്ക്കാലചരിത്രമത്രേ.

നൂറിൽപരം സംവത്സരത്തെ പരിശ്രമഫലമായി രൂപംകൊണ്ട ഏഷ്യയിലെ ഏറ്റവും ബൃഹത്തായ ഗ്രന്ഥശാലയാണു് അമ്പലക്കാട്ടു് 1663-ൽ ഡച്ചുകാരാൽ ചുട്ടെരിക്കപ്പെട്ടതു്. പക്ഷേ ഈ ഗ്രന്ഥദഹനത്തിൽ പശ്ചാത്തപിച്ച ഡച്ചു് ഗവണ്മെന്റർ പരിഹാരശ്രമത്തിൽ ഏർപ്പെട്ട എന്നതു് ചാരിതാർത്ഥ്യജനകമത്രേ. ഡച്ചു് ഗവണ്മെന്റർ വാൻ റീഡു് ഫോർട്ടുകൊച്ചിയിൽ കോട്ടപ്പള്ളിയും ഹൈസ്കൂളുകളും നില്ക്കുന്ന സ്ഥലത്തു് ഒരു വിവിധ സസ്യാരാമം നട്ടുപിടിപ്പിച്ചു. മാത്രമല്ല കാമ്മലീത്താ വൈദികനായ ഫാദർ മത്തേവ്യസ, കൊച്ചിക്കാരായ ആയുർവ്വേദവൈദ്യന്മാരുമായ രങ്കഭട്ടു്, വിനായകഭട്ടു്, അപ്പുഭട്ടു് എന്നിവരെയും സഹായത്തിനു് ചേർത്തു്, ചേർത്തലക്കാരൻ ഇട്ടി അച്യുതൻ എന്നാളെയും ഉത്സാഹപ്പെടുത്തി, ഒരു ഔഷധസ്യ ബൃഹത്ഗ്രന്ഥം നിർമ്മിക്കാൻ തീരുമാനമെടുത്തു. പന്ത്രണ്ടു് ഭാഗങ്ങളായി ആസൂത്രണംചെയ്ത പരമ്പരയുടെ ഓരോ പേജിൽ ഒരു ചെടി ഭംഗിയായി വരയ്ക്കാൻ ഫാദർ മത്തയാസു, ഔഷധമൂല്യവിവരണത്തിനു് ആയുർവ്വേദ വിദഗ്ധസംഘവും നിയുക്തരായി. ഇമാനുവൽ കർണേറോ എന്നാണു് ആ വിവരണം പോർത്തുഗീസു് ഭാഷയിലേക്കു വിവർത്തനം ചെയ്യാൻ സഹായിച്ചു. ലത്തീൻഭാഷയിൽകൂടി പേർ വിവരണമുൾക്കൊള്ളുന്ന ഈ ഗ്രന്ഥത്തിൽ ചേർക്കാൻ ചെമ്പുതകിടിൽ 794 ബ്ലോക്കുകളുണ്ടാക്കേണ്ടിവന്നു. 1686-ൽ ആരംഭിച്ച അച്ചടിവേല മുഴുമിക്കുന്നതു് 1703-ൽ മാത്രമായിരുന്നു. ഗ്രന്ഥത്തിന്റെ അച്ചടി ആംസ്റ്റർഡാമിൽ നടന്നു. മലയാളലിപി ഉപയോഗപ്പെടുത്തി ആദ്യമടിക്കുന്ന ഗ്രന്ഥമാണു് ഹോർത്തിക്കുസു് മലബാറിക്കുസു്.

മലയാളലിപിയിൽ പൂർണ്ണമായി അച്ചടിക്കുന്ന പ്രഥമഗ്രന്ഥം സംക്ഷേപവേദാർത്ഥമാണെന്നു് മുമ്പു് സൂചിപ്പിച്ചുവല്ലോ, ഇറ്റലിക്കാരനായ ഫാദർ ക്ലമൻറ്പിയാത്തിസ ഇന്ത്യയിലെ ഉപനിഷത്തുക്കളുടെ ചരടുപിടിച്ചു് ഗുരുശിഷ്യസംവാദരൂപത്തിൽ എഴുതിതയ്യാറാക്കി സ്വന്തമായി അച്ചുവാർത്തു ബഹുഭാഷാമുദ്രണാലയത്തിൽവെച്ചു 1772-ൽ അച്ചടിച്ച ഗ്രന്ഥമാണിതു്. അമ്പത്തൊന്നക്ഷരങ്ങളും അവയുടെ വിവിധ പെരുക്കങ്ങളും ഉൾപ്പെടെ 1128 ടൈപ്പുകം പാതിരിക്കു നിർമ്മിക്കേണ്ടിവന്നുപോൽ. ആശയാവിഷ്കരണരീതി കാണിക്കാൻ ഒരു ഭാഗം കൊടുക്കുന്നു. ഗുരുഃ നിന്നെ സൃഷ്ടിച്ചതാരു് ? ശിഷ്യൻ. ഉടയ തമ്പുരാൻ തന്നെ സൃഷ്ടിച്ചു. ഗുരു: തമ്പുരാൻ എന്തിനു് നിന്നെ സൃഷ്ടിച്ചു ? ശിഷ്യൻ: തന്നെ അറിഞ്ഞു സ്നേഹിച്ചു് തന്റെ ശുദ്ധമായ മാർഗ്ഗം കാത്തുകൊണ്ടു് തന്റെ ചിറ്റാഴ്കിരിപ്പാൻ എന്നതിനു് തമ്പുരാൻ എന്നെ സൃഷ്ടിച്ചു.' ഇങ്ങനെ പോകുന്ന ആ ഗ്രന്ഥത്തിലെ പ്രമേയാവതരണം. റോമിലെ പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ കീഴിലുള്ള സവ്കലാശാലയിൽവച്ചു ക്ലേശിച്ചുണ്ടാക്കിയ ഗ്രന്ഥമാണിതെന്നു വരുമ്പോഴും, പാതിരിയുടെ ഭാഷാസ്നേഹമോ മതപ്രചരണതൃഷ്ണയോ കൂടുതൽ തീക്ഷ്ണം എന്നു സംശയിച്ചുപോകയാണു്. സംക്ഷേപവേദാർത്ഥത്തിലെ അക്ഷരങ്ങൾ ചതുരവടിവിലായിരുന്നു. ഓരോ പേജിലും 17 വരികംവീതം ചേർത്തിട്ടുള്ള 276 പേജു് പുസ്തകമാണു് സംക്ഷേപവേദാർത്ഥം. ആദ്യമായി ഭാഷായോഷയെ വെൺമത്തയിലിരുത്തിയതു് പാതിരിമാരാണെന്നു മാത്രമല്ല, അതു് റോമാനഗരിയിൽവെച്ചുമായിരുന്നു എന്നു ചുരുക്കം.

ഇന്ത്യയിൽ നടാടെ മലയാളമച്ചടി നടത്തിയതോ? കേരളത്തിനു വെളിയിൽ ബോമ്പായിലായിരുന്നു. ഡോ: ജക്സ്നാർ സുറിയാനി ബൈബിളിന്റെ തർജ്ജമ ബോമ്പായിലേയ്ക്കു കൊണ്ടുപോയി അവിടത്തെ കൂറിയർ പ്രസ്സിൽ അച്ചടിപ്പിച്ചു. മലയാളലിപികളിൽ പൂർണ്ണമായി ഇന്ത്യയിലാദ്യമടിക്കുന്ന ഗ്രന്ഥമതാണു്. 1811-ൽ അടിച്ച ആ ഗ്രന്ഥത്തിലെ ലിപികം സ്വാഭാവികമായും പരിഷ്കൃതങ്ങളായിരുന്നില്ല.

ഏതാണ്ടിതേ കാലത്തു് കോട്ടയത്തു് മൺറോ സായിപ്പിന്റെ സഹായത്തോടുകൂടി സി. എം. എസ്സു്. പ്രസ്സു് സ്ഥാപിക്കപ്പെട്ടു. കൃത്യം 1820-ൽ ബെയ്ലി ഒരച്ചടിപ്പുര ആരംഭിച്ചു. അച്ചടിയന്ത്രങ്ങളും അച്ചുകളും വേണമല്ലോ. പ്രസ്സിന്റെ പ്രവർത്തനത്തെപ്പറ്റി ഒരു ചെറുപുസ്തകത്തിലും എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്കായിലും നോക്കി ഒരു ശില്പികൂടിയായ അദ്ദേഹം മരംകൊണ്ടു് ഒരു പ്രസ്സുണ്ടാക്കി. ഒരു കൊല്ലന്റെയും രണ്ടു് തട്ടാന്മാരുടേയും സഹായത്തോടുകൂടി അച്ചുകം നിർമ്മിച്ചു. പിന്നീടാണു് മദ്രാ

കാലാവസ്ഥ

രമേശൻ നായർ

ഉറക്കം ഞെട്ടിക്കുന്ന
ഭൂതകാലവും, മറെറാ-
രുറക്കച്ചടവായ
വർത്തമാനവും, മൂടി-

ക്കുറുത്തുകുറുത്തേറും
ഭാവിയും, പെരുമഴ-
പ്പുറത്തു കുതിർത്തുള്ളം
തണുപ്പും മരവിപ്പും

ഒക്കെയും രസകര,
മെൻെറ ജന്മത്തിൻേറതാ-
മർത്ഥശൂന്യതയുടെ
കമ്പിളിതപ്പിത്തപ്പി,

കെട്ട തീക്കുണ്ഡത്തിൻെറ-
യോമ്മയെത്താലോലിക്കാൻ
പെട്ട പാടെല്ലാം തേട്ടി
മുറത്തു നീട്ടിത്തുപ്പി

ഇരിക്കെ, ക്കേംപ്പേൻ കാതി,
ലിനിയും മിതമായോ
കനത്തോപെയ്യാമത്രേ
യീയനിശ്ചിതകാലം !

സ്സ് ഗവണ്മെൻറ് പ്രസ്സിൽനിന്നു് അച്ചടിയന്ത്രങ്ങളും അച്ചുകളും വാങ്ങി അച്ചടി വികസിപ്പിച്ചതു്. തിരുവനന്തപുരം ഗവണ്മെണ്ടു് അച്ചുക്കൂടം 1834-ൽ സ്ഥാപിച്ചപ്പോഴും അവിടെക്കുവേണ്ട അച്ചുകളും കോട്ടയത്തുനിന്നു അയച്ചുകൊടുക്കുകയാണുണ്ടായതത്രേ. തിരുവിതാംകൂർ രാജാക്കന്മാർ ബെയ്ലിയുടെ പ്രസ്സു് സന്ദർശിച്ചിട്ടുമുണ്ടായിരുന്നു. 1836-ൽ മഹാരാജാവു് പ്രസ്സു് സന്ദർശിച്ചപ്പോഴും അന്നു് അച്ചടിയിലുണ്ടായിരുന്ന നിഘണ്ടുവിൻെറ താളുകളും മി. ബെയ്ലി മഹാരാജാവിനു് സമ്മാനിച്ചു. 1880-ൽ വീണ്ടും ഒരു രാജസന്ദർശനംകൊണ്ടു മാനിതമാകാൻ സി. എം. എസ്. പ്രസ്സിനു് ഭാഗ്യമുണ്ടായി. എൻസൈക്ലോപീഡിയാനോക്കി തുടക്കം കുറിച്ച സി. എം. എസ്. പ്രസ്സിൻെറ വികസിത മാതൃകയിലാണു് സക്കാർവക മലയാളം സർവ്വവിജ്ഞാനകോശത്തിൻെറ അച്ചടിയുടെ തുടക്കം എന്നതും രസകരമായ ഒരു വസ്തുതയാണു്.

1847-ൽ തലശ്ശേരിയ്ക്കടുത്തു ഇല്ലിക്കുന്നിൽ ഡോ: ഗുണ്ടർട്ടു് നടത്തിയ അച്ചടി ശ്രമങ്ങൾകൂടി പരാമർശിയ്ക്കാതെ ഈ വിവരണം പൂർത്തിയാവുകയില്ല. ആദ്യത്തെ മലയാള പത്രമായ രാജ്യസമാചാരം പ്രസിദ്ധീകരിച്ചതു് ഒരു കല്ലച്ചു് ഉപയോഗപ്പെടുത്തിയിട്ടായിരുന്നു. അക്കൊല്ലം ഒക്ടോബറിൽ പശ്ചിമോദയം എന്നൊരു മാസികയും ഗുണ്ടർട്ടു് ആരംഭിച്ചു. 1848-ൽ ഒരു ക്ഷേത്രഗണിതം പുസ്തകം പ്രസിദ്ധീകരിച്ചു; പിൽഗ്രിംസു് പ്രൊഗ്രസ്സു് എന്ന ഗ്രന്ഥത്തിൻെറ മലയാള പരിഭാഷ 1847ൽ അച്ചടിച്ചിറക്കിയതു ഗുണ്ടർട്ടിൻെറ പ്രസ്സിലായിരുന്നു.

ചുരുക്കത്തിൽ കേരളത്തിൽ നടാടെ ഒരു പുസ്തകം അടിച്ചിറക്കുന്നതിൻെറ നാന്നൂറാം വാർഷികമാണു് 1978 ഒക്ടോബർ 20-നു നാം ആചരിക്കുന്നതു്. 1578ൽ കൊല്ലത്തെ ദിവ്യരക്ഷകൻെറ കലാലയത്തിൽ അച്ചടിച്ചതും അമേരിയ്ക്കയിലെ ഹാർവാർഡ് സർവ്വകലാശാലയിൽ സൂക്ഷിച്ചിരിപ്പുള്ളതുമായ ചെറു ഗ്രന്ഥമാണു് കേരളത്തിൽ അടിച്ച ആദ്യത്തെ പുസ്തകം. അതു് ഏറെക്കുറെ തമിഴ് ലിപിയിലുമായിരുന്നു. 1579 ൽ കൊച്ചി ദേവമാതാവിൻെറ മുദ്രണാലയത്തിൽ അച്ചടിച്ച തമിഴ് പുസ്തകം തന്നെയാണു് രണ്ടാമതായി കേരളത്തിൽ അടിയ്ക്കുന്നതു്. 1772-ൽ റോമിൽ അച്ചടിച്ച സംക്ഷേപ വേദത്തമാകാം മലയാളത്തിൽ പൂർണ്ണമായടിക്കുന്ന ആദ്യ ഗ്രന്ഥം. 1811-ൽ ബോമ്പായിലെ കൂറിയർ പ്രസ്സിനാണു് ഒരു സമ്പൂർണ്ണ മലയാള ഗ്രന്ഥമിറക്കാൻ ഇന്ത്യയിലാദ്യം തരപ്പെടുന്നതു്. കേരളത്തിൽ അടിക്കുന്ന ആദ്യത്തെ മലയാള ഗ്രന്ഥം കോട്ടയം സി. എം എസ് പ്രസ്സിൽ അടിച്ച ബൈബിളിൻെറ വിവർത്തനം തന്നെ. നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിൻെറ പുതിയ നിയമം മലയാഴ്മയിൽ പരിഭാഷയാക്കപ്പെട്ടതു്. കോട്ടയം ചർച്ച് മിഷൻ അച്ചിൽ ബൈബിൾ സൊസൈറ്റിക്കു വേണ്ടി മിശിഹാ സംവത്സരം 1829ൽ അച്ചടിക്കപ്പെട്ടതു്'' എന്നതായിരുന്നു ഗ്രന്ഥ വിവരണം. അച്ചടി വിദ്യയുടെ ആദിമപിതാക്കന്മാർ പാതിരിമാരായിരുന്നു എന്ന വള്ളത്തോളും പറഞ്ഞതെത്ര ശരി ? ★